# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 300 — 06.01.2014-ലെ മറുപടിക്ക്

### ജയിൽ തടവുകാർക്കുള്ള നിയമ വ്യവസ്ഥകൾ

**ചോദ്യം** — **മറുപടി**

ശ്രീ.കോടിയേരി ബാലകൃഷ്ണൻ
ശ്രീ.എ.കെ.ബാലൻ
ശ്രീ.എളമരം കരീം
ശ്രീമതി.കെ.എസ്.സലീഖ.

ശ്രീ.രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന തടവുകാർക്ക് നിയമാനുസൃതം നിഷേധിക്കപ്പെട്ട മനുഷ്യാവകാശങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ; | എ) സഞ്ചാര സ്വാതന്ത്ര്യം, ഇഷ്ടപ്പെട്ട തൊഴിൽ ചെയ്യുന്നതിനുള്ള അവകാശം എന്നിവയാണ് തടവുകാർക്ക് നിയമാനുസൃതം നിഷേധിക്കുന്ന മനുഷ്യാവകാശങ്ങൾ. |
| ബി) റിമാന്റ് തടവുകാരന് ജയിലിലോ ജയിലിന് പുറത്തോ കോടതി പരിസരത്തോ ആശുപത്രിയിലോ അധികൃതരുടെ സാന്നിദ്ധ്യത്തിൽ ഭാര്യയേയോ മറ്റ് ഉറ്റ ബന്ധുക്കളേയോ കാണുന്നതിന് ഇന്ത്യൻ ശിക്ഷാ നിയമം വിലക്ക് ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) കേരള ജയിൽ ചട്ടങ്ങളിലെ 435 മുതൽ 451 വരെയും 750ഉം ചട്ടങ്ങളനുസരിച്ചാണ് തടവുകാരുമായുള്ള കൂടിക്കാഴ്ച നടത്തുന്നതിന് അനുമതി നൽകുന്നത്. ഈ ചട്ടങ്ങളനുസരിച്ച് തടവുകാരുമായുള്ള കൂടിക്കാഴ്ച ബന്ധപ്പെട്ട ജയിൽ സൂപ്രണ്ടിന്റെ അനുമതിയോടെ മാത്രമേ നടത്താവൂ. അപ്രകാരം കൂടിക്കാഴ്ച നടത്തേണ്ട സ്ഥലവും സമയവും തീരുമാനിക്കുന്നതും ജയിൽ സൂപ്രണ്ടിന്റെ വിവേചനാധികാരത്തിൽപ്പെട്ട കാര്യങ്ങളാണ്. |

| | |
|---|---|
| സി) ശ്രീ.പി.മോഹനൻ എന്ന റിമാന്റ് തടവുകാരനെ ആശുപത്രിയിൽ കൊണ്ടുപോകവേ ഭക്ഷണശാലയിൽ കയറിയപ്പോൾ നിയമസഭാംഗം കൂടിയായ ഭാര്യ നേരിൽകണ്ട് സംസാരിച്ചതിന്റെ പേരിൽ ഏതെങ്കിലും ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽ നിന്നും സസ്പെന്റ് ചെയ്തിട്ടുണ്ടോ; ഇക്കാര്യത്തിലുണ്ടായ നിമയ ലംഘനം എന്താണെന്ന് വ്യക്തമാക്കുമോ? | സി) ഉണ്ട്. കോഴിക്കോട് സിറ്റിയിൽ മൂന്ന് പോലീസ് ഉദ്യോഗസ്ഥരെ സർവ്വീസിൽനിന്ന് സസ്പെൻഡ് ചെയ്തിട്ടുണ്ട്. വിചാരണ തടവുകാരെ സന്ദർശിക്കുന്നതിനും, സംസാരിക്കുന്നതിനും ജയിൽ സൂപ്രണ്ടിന്റെ അനുമതി വാങ്ങിയിരിക്കണം എന്ന വ്യവസ്ഥയുണ്ട്. പ്രതിയുടെ സുരക്ഷയ്ക്ക് കോട്ടം വരുന്ന വിധത്തിൽ സാഹചര്യം ഒരുക്കിക്കൊടുക്കുക വഴി പോലീസ് സേനയ്ക്ക് കളങ്കം ഏല്പിക്കുകയും ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും കാണിച്ചു എന്ന കുറ്റത്തിനാണ് വകുപ്പുതല നടപടി എന്ന നിലയിൽ 3 പോലീസുകാരെ സർവ്വീസിൽനിന്നും സസ്പെൻഡ് ചെയ്തത്. |

സെക്ഷൻ ഓഫീസർ